ISSUE: 142 www.keralacartoonacademy.com KCA weekly E-news bulletin ● Dated 31-08-2026

KERALA CARTOON ACADEMY

# കാർട്ടൂൺ പത്രിക

കേരള കാർട്ടൂൺ അക്കാദമിയുടെ പ്രതിവാര വാർത്താ പത്രിക

**KERALA CARTOON ACADEMY**

**Chairman**
Sudheer Nath N B

**V. Chairman**
Anoop Radakrishnan
KVM Unny

**Secretary**
A Satheesh

**Jt. Secretary**
Sajiv Sooranad

**Treasurer**
Sajjive Balakrishnan

**EC Members**
Balachandran K B
Hareesh Mohan
Haridas Balakrishnan
Madoos
Mohana Kumaran Nair
Rethish Ravi
Sunil Pankaj
Surendran Varachal
Suresh Harippad
Vinu S

**Patron**
Aravindakshan P
Divakaran N P
Gafoor K N
Hari G
John Kakkanad
Krishnan P V
Mohanachandran M S
Mohan Shivanand
Peter E P
Raghu K S
Seeri M K
Sivan Paravur
Somanath S Dr
Thomas Jacob
TVG Menon

**KCA Icon**
Anjan Sathish
Suresh Eriyat

## പുസ്തക പരിചയം




# ‘ഗാന്ധി ഇൻ കാർട്ടൂൺ’

പ്രസാധകർ: നവജീവൻ ട്രസ്റ്റ്

**ഗുജറാത്തിലെ** അഹമ്മദാബാദിലുള്ള നവജീവൻ ട്രസ്റ്റ് പ്രസിദ്ധീകരിച്ച ഗാന്ധി കാർട്ടൂണുകളുടെ സമാഹരമാണ് ഗാന്ധി ഇൻ കാർട്ടൂൺ. നമ്മുടെ രാജ്യത്ത് ഏറ്റവും കൂടുതൽ കാർട്ടൂണിൽ വരയ്ക്കപ്പെട്ടത് ആരാണ് എന്ന് ചോദിച്ചാൽ അതിന് ഉത്തരം ഒന്നേയുള്ളൂ. അത് മഹാത്മാഗാന്ധിയാണ്. ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടുന്നതിനു മുൻപ് ബ്രിട്ടീഷ് കാർട്ടൂണിസ്റ്റുകൾ അടക്കം ലോകത്തിന്റെ പല ഭാഗങ്ങളിൽ ഉള്ള കാർട്ടണിസ്റ്റുകളും മഹാത്മാഗാന്ധിയെ കഥാപാത്രമാക്കിയിട്ടുണ്ട്. ഇന്ത്യയിൽ കാർട്ടൂൺ കല വരുന്ന കാലം മുതൽ വർത്തമാനകാലത്തെ കാർട്ടൂണിസ്റ്റുകൾ പോലും മഹാത്മാഗാന്ധിയെ കാർട്ടൂണിൽ ചിത്രീകരിച്ചിരിക്കുന്നു. ഗാന്ധി മരണപ്പെട്ടിട്ട് എത്രയോ വർഷങ്ങളായി പക്ഷേ ഇന്നും കാർട്ടൂണിലൂടെ അദ്ദേഹം ജീവിക്കുന്നുണ്ട്.

ഗാന്ധിയുടെ ജീവിതകാലത്ത് ലോകമെമ്പാടുമായി അദ്ദേഹത്തെക്കുറിച്ചുള്ള നൂറുകണക്കിന് കാർട്ടൂണുകൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഗാന്ധിയെ ചിത്രീകരിച്ച രീതിയെക്കുറിച്ചുള്ള ഈ സമാഹാരം സമ്പൂർണ്ണമോ അന്തിമമോ ആയ ഒരു പട്ടികയല്ല; എങ്കിലും, ലോകത്തിലെ മിക്കവാറും എല്ലാ രാജ്യങ്ങളിലെയും മാധ്യമങ്ങൾ

അദ്ദേഹത്തെ ശ്രദ്ധിച്ചിരുന്നു എന്നത് വ്യക്തമാണ്. മഹാത്മാഗാന്ധി കഥാപാത്രമായി വന്നിട്ടുള്ള കാർട്ടൂണുകളുടെ സമാഹാരം ഏറ്റവും ശ്രദ്ധേയാകർഷിക്കുന്നതും ചരിത്രത്തിന്റെ ഭാഗമാകുന്നതും അതുകൊണ്ടാണ്.

വെളുത്ത വർഗക്കാരല്ലാത്തവരെ ‘പരിഷ്കൃതരാക്കുക’ എന്ന ദൗത്യത്തിന്റെ കാഴ്ചപ്പാടിൽ ലോകത്തെ നോക്കിക്കണ്ട കാർട്ടൂണിസ്റ്റുകളുടെ പരിഹാസപാത്രമായി ഗാന്ധി പലപ്പോഴും മാറിയിട്ടുണ്ട്. എന്നാൽ, പലപ്പോഴും അദ്ദേഹത്തെ പരിഹസിക്കാൻ മുതിർന്നവർ പിന്നീട് അദ്ദേഹത്തെ ആദരിക്കുകയും ആരാധിക്കുകയും ചെയ്യുന്നവരായി മാറി.

ഒരു രാഷ്ട്രീയക്കാരനും അതേസമയം ഒരു വിശുദ്ധനുമായുള്ള ഗാന്ധിയുടെ പരിണാമത്തെക്കുറിച്ചും, ഇന്ത്യയുടെയും മാനവരാശിയുടെയും ചരിത്രത്തിൽ അദ്ദേഹം ചെലുത്തിയ സ്വാധീനത്തെക്കുറിച്ചും മനസ്സിലാക്കാൻ ഈ പുസ്തകം വളരെ ലളിതവും ഫലപ്രദവുമായ ഒരു മാർഗ്ഗം നൽകുന്നു.

പ്രശസ്തരായ ഇന്ത്യൻ, വിദേശ കാർട്ടൂണിസ്റ്റുകൾ വരച്ച 112 കാർട്ടൂണുകൾ അടങ്ങിയ ഈ സമാഹാരം, ഇങ്ങനെയൊരു വ്യക്തി ഈ ഭൂമിയിൽ ജീവിച്ചിരുന്നു എന്ന് വരുംതലമുറകളെ വിശ്വസിപ്പിക്കാൻ സഹായിക്കും. വാസ്തവത്തിൽ, അദ്ദേഹത്തിന്റെ ശരീരപ്രകൃതിയും രൂപവും കാർട്ടൂണിസ്റ്റുകളുടെ ബ്രഷിനും ഭാവനയ്ക്കും ഏറ്റവും അനുയോജ്യമായിരുന്നു. ഗാന്ധി കാർട്ടൂൺ ഏതൊരു കാർട്ടൂണിസ്റ്റും കാർട്ടൂണിനെ സ്നേഹിക്കുന്നവരുടെയും ശേഖരത്തിൽ സൂക്ഷിച്ചു വെക്കുന്നത് എന്തുകൊണ്ടും ഉചിതമാണ്. ●

## സിദ്ധീക്ക് പറവൂരിന്റെ സ്വാലിഹിന് പുരസ്ക്കാരം



**ദുർഗാപുർ** അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ ‘സ്വാലിഹ്’ മികച്ച ചിത്രത്തിനുള്ള പുരസ്കാരം നേടി. കേരള കാർട്ടൂൺ അക്കാദമി അംഗം സിദ്ധിക്ക് പറവൂർ സംവിധാനം ചെയ്ത ചിത്രത്തിനാണ് ഈ ബഹുമതി ലഭിച്ചത്. മികച്ച തിരക്കഥക്കുള്ള പുരസ്കാരവും ഈ സിനിമ നേടി. സിദ്ധീക്ക് പറവൂരിന് കേരള കാർട്ടൂൺ അക്കാദമിയുടെ അഭിനന്ദനങ്ങൾ. ●

